ഓണാശംസകൾ

# ആത്മനാദം

Voice from the soul

An Official Publication of Mar Aprem Youth Movement Thottakad

MANNA Publication | aathmanadham.blogspot.com | ലക്കം 30 | ആഗസ്റ്റ് 2015




കോട്ടയം ഭദ്രാസനത്തിലെ ഏറ്റവും മികച്ച യുവജനപ്രസ്ഥാന പ്രസിദ്ധീകരണമായി തെരഞ്ഞെടുക്കപ്പെട്ട **'ആത്മനാദ'** ത്തിന്റെ വിജയത്തിനു പ്രചോദനവും പ്രോത്സാഹനവും നൽകിയ എല്ലാ വായനക്കാർക്കും നന്ദിയുടെ ഒരായിരം പുഷ്പങ്ങൾ.

എഡിറ്റർ

# ദശാംശ സമർപ്പണ പ്രഖ്യാപനവുമായി മാർ അപ്രേം യുവജനപ്രസ്ഥാനം



എല്ലാവർക്കും മാതൃകയാക്കാവുന്ന പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്ന മാർ അപ്രേം യുവജനപ്രസ്ഥാനം ദൈവികമായ പുതിയൊരു ഉദ്യമത്തിന് തുടക്കം കുറിച്ചു. കർത്താവിന്റെ നാമത്തിലുള്ള ദശാംശ സമർപ്പണത്തിന്റെ മഹത്വം സകല സഭാ വിശ്വാസികളിലേക്കും ഇടവക ജനങ്ങളിലേക്കും എത്തിക്കുകയാണ് ലക്ഷ്യം. സ്വന്തമായി വരുമാനം ഉള്ളവരും ഇല്ലാത്തവരും തങ്ങൾക്ക് ലഭിക്കുന്ന എല്ലാ വരുമാനത്തിന്റെയും ദശാംശം ദൈവതിരുമുമ്പാകെ സമർപ്പിക്കുമെന്ന് ആഗസ്റ്റ് 16-ാംതീയതി ഞായറാഴ്ച വി. കുർബ്ബാനയ്ക്കുശേഷം പള്ളിയകത്തുവെച്ച് പ്രസ്ഥാന അംഗങ്ങൾ സംയുക്തമായി പ്രഖ്യാപിച്ചു. കൂടാതെ ഓരോരുത്തരുടെയും വരുമാനത്തിന്റെ ദശാംശം ഒരുമിച്ച് ശേഖരിച്ച് ദേവാലയത്തിൽ നൽകുകയും ചെയ്യും. പൂർണ്ണ മനസ്സോടെ നൽകുന്നതിനെയാണ് ദൈവം സ്വീകരിക്കുന്നത്. അതുകൊണ്ട് സ്വപ്രേരണയാൽ മുൻപോട്ടുവന്ന് ജീവിതകാലം മുഴുവൻ അതനുസരിച്ച് പ്രവർത്തിക്കുവാൻ സെക്രട്ടറി ജിജോ സി. ചാക്കോ അഹ്വാനം ചെയ്തു. വരും തലമുറകൾ കൂടി അനുഗ്രഹിക്കപ്പെടുന്ന ഈ പുണ്യപ്രവർത്തിയിൽ പങ്കാളികളാകുവാൻ ഏവരേയും ക്ഷണിക്കുന്നു.



**ആഗസ്റ്റ് 30-ന് 69-ാം ജന്മദിനം ആഘോഷിക്കുന്ന മലങ്കരയുടെ വലിയ പിതാവ് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായ്ക്ക് മാർ അപ്രേം യുവജന പ്രസ്ഥാനത്തിന്റെ ഹൃദയം നിറഞ്ഞ ജന്മദിനാശംസകൾ...**

## ദശാംശസമർപ്പണ പ്രഖ്യാപനം

ദൈവത്തിനു സ്തുതി,

ബഹുമാനപ്പെട്ട വൈദികർ, സ്നേഹം നിറഞ്ഞ ഇടവക ജനങ്ങളെ,

നമ്മുടെ ദേവായലത്തിന്റെ പൊതുയോഗം ദേവലയം പുതുക്കി പണിയുന്നതിനും ആയതിനു വേണ്ട ധനം ദശാംശപിരിവിലൂടെ സമാഹരിക്കണമെന്നും നിശ്ചയിച്ചിരിക്കുകയാണല്ലോ. പരിശുദ്ധ ബാവാ തിരുമേനി ഉദ്ഘാടനം ചെയ്ത ദശാംശ പിരിവ് നാളിതുവരെയായി 12 ലക്ഷം കവിഞ്ഞു എന്നത് ഞങ്ങളെ വളരെയധികം സന്തോഷിപ്പിക്കുന്നു.

മാർ അപ്രേം യുവജനപ്രസ്ഥാനം ഈ ദേവാലയത്തിന്റെ എല്ലാ നല്ല കാര്യങ്ങൾക്കും പൂർണ്ണ സഹകരണം നൽകിയ ചരിത്രമാണ് ഉള്ളത്. നമ്മുടെ ദശാംശപിരിവ് ഒരു പുതിയ തലത്തിലേക്ക് ഇന്നു മുതൽ പ്രവേശിക്കുകയാണല്ലോ. കമ്മറ്റി അംഗങ്ങൾ ഭവനങ്ങൾ സന്ദർശിച്ച് ഓരോ മാസവും ദശാംശം സ്വീകരിക്കുന്ന ഒരു വലിയ യജ്ഞത്തിന് ഇവിടെ തുടക്കം കുറിക്കുകയാണ്. ഈ ദേവാലയത്തിലെ യുവജനപ്രസ്ഥാനംപ്രവർത്തകർ ഈ വലിയ സംരംഭത്തിന് പൂർണ്ണ പിന്തുണ പ്രഖ്യാപിക്കുവാൻ ഈ സമയം ഞങ്ങൾ വിനിയോഗിക്കുന്നു.


മനോഹരമായ ഒരു പുതിയ ദേവാലയം എന്ന സുന്ദരസ്വപ്നം യാഥാർത്ഥ്യമാകുന്നുതുവരെ യുവജനപ്രസ്ഥാനം അംഗങ്ങളുടെ ദശാംശം പള്ളിക്ക് നൽകും എന്ന് പ്രഖ്യാപിക്കുന്നു. അതിന് ദൈവം ഞങ്ങളെ ശക്തീകരിക്കുവാൻ ഏവരും പ്രാർത്ഥിക്കണം.

എന്ന്

മാർ അപ്രേം യുവജനപ്രസ്ഥാനം.

# ഇടയനാദം

**"നിങ്ങൾ ദൈവാലയത്തിന്റെ അനുഗ്രഹമായിത്തീരട്ടെ."**



കർത്താവിൽ അനുഗ്രഹിക്കപ്പെട്ട ഇടവകാംഗങ്ങളെ,

കഴിഞ്ഞ പെരുന്നാൾ ദിനത്തിൽ പരിശുദ്ധ കാതോലിക്കാബാവാ തിരുമേനി ഉദ്ഘാടനം നിർവ്വഹിച്ച പള്ളി നിർമ്മാണ ദശാംശഫണ്ട് പത്തു ലക്ഷം പൂർത്തീകരിച്ചിരിക്കയാണ്. നാളിതുവരെയായി ഇതിൽ സഹകരിച്ച എല്ലാവരോടുമുള്ള നന്ദി അറിയിക്കുന്നു. പള്ളി മാനേജിംഗ് കമ്മറ്റിയുമായി ചേർന്നു പ്രവർത്തിക്കുവാൻ തക്കവിധം പള്ളിനിർമ്മാണ ദശാംശകമ്മറ്റി എന്ന പേരിൽ ഏകദേശം അൻപതു പേരടങ്ങുന്ന ഒരു കമ്മറ്റിയെ പൊതുയോഗം തെരഞ്ഞെടുത്തിട്ടുണ്ട്. പള്ളിനിർമ്മാണ ദശാംശ ഫണ്ട് ഫലപ്രദമായി പിരിച്ചെടുക്കുക എന്ന ഒരു വലിയ ഉത്തരവാദിത്വമാണ് ഈ കമ്മറ്റിയെ ഭരമേൽപ്പിച്ചിരിക്കുന്നത്. ഇടവകയിലെ മുഴുവൻ ആളുകളുടെയും പൂർണ്ണമായ ദശാംശം പള്ളിയിലെത്തിക്കുവാനുള്ള കർമ്മ പദ്ധതികൾ ഈ കമ്മറ്റി ഫലപ്രദമായിനിർവ്വഹിക്കണം.


നാം ഒരു വലിയ ലക്ഷ്യത്തിനു വേണ്ടിയാണ് ഈ ദശാംശം സ്വരൂപിക്കുന്നത്. മനോഹരവും വിശാലവുമായ ഒരു പുതിയ ദൈവാലയം എന്ന സുന്ദര സ്വപ്നം യാഥാർത്ഥ്യമാവണം. "എന്റെ ദശാംശം എന്റെ പള്ളിക്ക്" എന്ന് ഓരോരുത്തരും സ്വമനസ്സാലെ ചിന്തിച്ചു പ്രവർത്തിച്ചാൽ ദൈവം അത്ഭുതം പ്രവർത്തിക്കും നിശ്ചയം.

ഇടവകയുടെ മുഴുവൻ പങ്കാളിത്വം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ ഈ കമ്മറ്റി അംഗങ്ങൾ വികാരിമാരുടെ നേതൃത്വത്തിൽ ഭവനങ്ങൾ സന്ദർശിക്കുകയാണ്. പള്ളി പൊതുയോഗം തെരഞ്ഞെടുത്ത ആ കമ്മറ്റി അംഗങ്ങൾ ഒരു ദൈവനിയോഗമായി ഇതിനെ കണ്ടുകൊണ്ട് ഈ സംരംഭം ഒരുവൻ വിജയമാക്കുവാൻ നിങ്ങൾ പൂർണ്ണ ഉത്സാഹത്തിൽ പ്രവർത്തിക്കണം. ദശാംശം കൊടുക്കുന്നവരെ ദൈവം അനുഗ്രഹിക്കും. ദശാംശം കൊടുക്കുവാൻ പ്രേരിപ്പിക്കുന്നവരെ ദൈവം കൂടുതലായി അനുഗ്രഹിക്ക തന്നെ ചെയ്യും.

"ആകയാൽ സ്വർഗ്ഗത്തിലെ ദൈവം ഞങ്ങൾക്കു കാര്യം സാധിപ്പിച്ചു തരും" എന്ന് നെഹമ്യാവിനെപ്പോലെ നമുക്കും പ്രാർത്ഥിക്കാം. ഒരുമിച്ചു പ്രവർത്തിക്കാം ഏവരെയും ദൈവം അനുഗ്രഹിക്കട്ടെ.


എന്ന്
റവ. ഫാ. വി.എം. ഏബ്രഹാം
വാഴയ്ക്കൽ (വികാരി)

**പൗരോഹിത്യ രജതജൂബിലി ആശംസകൾ....**



**പന്തനാലിൽ പി.എം. മാണി അച്ചൻ**

**പൗരോഹിത്യത്തിന്റെ 25 വർഷം പൂർത്തീകരിച്ച**



**ഫാ. ജോർജ്ജ് പി. ജോൺ അച്ചന് ആശംസകൾ.....**

# സ്റ്റാറ്റസ്

**സഖേർ**



"Feeling Happy; Feeling Excited; Feeling Awesome; Feeling Alone; Feeling Confused; Feeling Angry...." ഇവയിലേതാണ് സഖാവേ ഇപ്പോൾ നിന്റെ പ്രൊഫൈൽ സ്റ്റാറ്റസ്? നമ്മുടെ ആനന്ദങ്ങളുടെയും ആകുലതകളുടെയും മുഖപടമായി നാം കുറിക്കുന്ന വരികൾ. ഇരവുപകലുകൾ അതിങ്ങനെ വന്നു മറയുകയാണ്.

സ്റ്റാറ്റസ്. ഒരു നിലയുംവിലയുമൊക്കെ സൂചിപ്പിക്കുന്നു. അന്തസ്സ് എന്നൊരു വാക്കും പറയാറുണ്ട്. അന്തരംഗത്തിന്റെ അവസ്ഥയെക്കുറിക്കുന്ന പദമെന്ന് തന്നെ പറയാം. നമ്മുടെ പ്രൊഫൈലിലേയ്ക്ക് മടങ്ങും മുമ്പേ ചില പഴയ പ്രൊഫൈലുകൾ ശ്രദ്ധിക്കുക. ബൈബിളിലെ പേജുകളിൽ ഒരു സേർച്ച. നിശ്ചയമായും കുറെയധികം യൗവ്വനങ്ങളുടെ വ്യത്യസ്തകാലങ്ങളിലെ സ്റ്റാറ്റസുകളും അവയ്ക്ക് ലഭിച്ച കമന്റുകളുമൊക്കെ അതിലുണ്ട്.

ജോസഫിന്റെ പ്രൊഫൈൽ. കൗമാരകാലത്തെ അവന്റെ ഒരു ദിനം . Feeling Sad എന്നാണ് . പൊട്ടക്കിണറ്റിൽ നിന്നുള്ള ഒരു updation. സഹോദരങ്ങൾ കെണിവെച്ചാൽ അകം കലങ്ങാതിരിക്കുമോ സഖേ! എന്നാൽ കുറെ നാളുകൾക്ക് ശേഷം അവന്റെ പേജിൽ വന്ന കമന്റ് നീ കണ്ടുവോ? "ദൈവാത്മവുള്ള ഒരു മനുഷ്യൻ" എന്നാണത്. ശരിക്കും കിട്ടേണ്ട കമന്റ് അതൊക്കെയാണ് മാഷേ! ശമുവേലിന്റെ ബാല്യകാലത്തിലെ സ്റ്റാറ്റസ് വിസ്മയിപ്പിക്കുന്നതാണ്, Listening God. ദൈവത്തെ കേൾക്കുന്നവൻ സത്യത്തിൽ മനുഷ്യരെ കേൾക്കാനാവാത്ത വിധം തിരക്കുള്ളവരായിരിക്കുന്ന മറ്റു ചിലതുമുണ്ട്. സിംഹത്തിന്റെ താടിയെല്ലുമായി നില്ക്കുന്ന ശിംശോന്റെ പ്രൊഫൈൽ പിക്ച്ചർ നോക്കുക. എത്രസുന്ദരമാണ്. എന്നാൽ പിന്നീട് നിരന്തരമായ ചാറ്റിംഗിലൂടെ ചിറ്റ് ചെയ്യപ്പെട്ട അവന്റെ കഥയും നീ അറിഞ്ഞിരിക്കണം. ഒരു ഗുരുവിന്റെ രണ്ടു ശിഷ്യന്മാരെപ്പറ്റിയുള്ള പോസ്റ്റുകൾ ശ്രദ്ധിച്ചിടുണ്ടോ? തിമോത്തിയെക്കുറിച്ചാണ് ഒന്നാമത് പറയുക. "എല്ലാവരും സ്വന്തകാര്യം അന്വേഷിക്കുന്നു; തിമോത്തിയോ ക്രിസ്തുയേശുവിന്റെ കാര്യം നോക്കുന്നു." രണ്ടാമത് ദേമാസിനെപ്പറ്റിയാണ്. "ദേമാസ് ഈ ലോകത്തെ സ്നേഹിച്ച് എന്നെ വിട്ടു പോയി."

ഏറ്റം ചേതോഹരമായ മറ്റൊന്ന്! 'പൈതൽ വളർന്നു; ജ്ഞാനം നിറഞ്ഞു; ആത്മാവിൽ ബലപ്പെട്ടു. ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിൽ വളർന്നുവന്നു.' ക്രിസ്തുവിനെക്കുറിച്ചുള്ള ഈ കമന്റിനുമപ്പുറം മറ്റെന്താണ് സുഹൃത്തേ നമ്മുടെ യൗവ്വനം ആഗ്രഹിക്കേണ്ടത്! ബൈബിൾ പേജുകളിലുടെയുള്ള നിരന്തരസെർച്ചുകളിൽ നിന്നാണ് സഖേ, നിന്റെ ജീവിതത്തിന്റെ ദൈവീക അന്തസ്സ്/divine status നില നിർത്താനുള്ള ഉൾക്കരുത്ത് നീ നേടേണ്ടത്!

പണ്ട് പറഞ്ഞിരുന്നത്, ഒരാളുടെ സ്വഭാവമറിയുന്നതിന് അവന്റെ സ്നേഹിതർ ആരെന്നും അവൻ വായിക്കുന്ന പുസ്തകങ്ങൾ ഏതെന്നുമൊക്കെ അന്വേഷിച്ചാൽ മതിയെന്നാണ്. ഇന്നാകട്ടെ, പ്രൊഫൈലും പോസ്റ്റുകളും ഫ്രണ്ട്സ് ലിസ്റ്റും നോക്കിയാലും ഒരാളെ മനസ്സിലാക്കാൻ പ്രയാസമാവും. സത്യസന്ധമായ സ്വത്വാവിഷ്ക്കാരത്തിന് ധൈര്യമില്ലാത്ത എത്രയോ വ്യാജപ്രൊഫൈലുകളുടെ നടുവിലാണ് നാം. ബുദ്ധൻ ചിരിക്കുന്നു. എന്നിട്ട് പറയുന്നു. "There are only two mistakes one can make along the road to truth; not going all the way, and not starting." സുഖാന്വേഷണങ്ങളുടെ പുതിയകാലത്ത് സത്യാന്വേഷണങ്ങളുടെ ബദൽ പ്രൊഫൈലുകളാവുക നിസ്സാരമായൊരു ചലഞ്ച് അല്ലേ! ഒരുവൻ സകല മനുഷ്യരുടെയും like നേടിയാലും അവൻ ദൈവത്തിൽ നിന്ന് ഒരു like കിട്ടുന്നില്ലെങ്കിൽ എന്ത് പ്രയോജനം സഖാവേ!

സജ്ജനങ്ങളുടെ ഒരു പ്രൊഫൈൽ പിക്ച്ചർ മഹാഭാരത്തിൽ വിദുരോപദേശത്തിലുണ്ട്. ധൃതരാഷ്ട്രർ തന്റെ മക്കളുടെ വളർത്തുദോഷത്തിൽ നിസ്സഹായനായി നില്ക്കുന്ന രംഗം. വിദുരർ സത്യം മറകൂടാതെ പറയുന്നു. മഹാരാജാവിന്റെ മക്കൾ നൂറ്റൊന്നുപേരുടെയും പ്രൊഫൈൽ തീർത്തും മോശമാണത്രേ! Feeling Pride എന്നാണ് കൗരവരുടെ ഗ്രൂപ്പിന്റെ ഇവിടെ വിദുരർ സജ്ജനങ്ങളുടെ ഒരു മാതൃക വരച്ചപുകാട്ടുന്നു. "സ്വർഗ്ഗപ്രാപ്തിക്ക് ഒരുവനെ അർഹവാക്കുന്ന എട്ടു ഗുണങ്ങളാണുള്ളത്. യജ്ഞം, ദാനം, അന്ധ്യയനം, തപസ്സ്, ഇന്ദ്രിയനിഗ്രഹം, സത്യം, ആർജ്ജവം, മൃദുലത എന്നിവയാണ് അവ. ഇതിൽ നാലെണ്ണം സജ്ജനങ്ങളിൽ കാണുന്നവയാണ്. ശേഷം നാലെണ്ണം അവർ അനുഷ്ഠാനങ്ങളിലുടെ നേടിയെടുക്കുന്നവയും." നല്ലയാളുകളിൽ ജന്മസിദ്ധമായ നാലു ഗുണങ്ങൾ യജ്ഞം, ദാനം, അന്ധ്യയനം, തപസ്സ് എന്നിവയാണ്. യജ്ഞം എന്നാൽ ത്യാഗമാണ്. തന്നത്താൻ ത്യജിക്കുന്നതിന്റെ ജീവനകല അവരിൽ സ്വഭാവികമാണ്. അവരുടെ ആയുസ്സും അതിന്റെ അന്ധ്വാനങ്ങളും പൊതു നന്മയെ പുരസ്കരിച്ച് മാത്രമുള്ളതാവും. ത്യാഗമുള്ളിടത്ത് ദാനം ഉണ്ടാകും അത്. പ്രതിഫലലേശരകൂടാത്തതുമായിരിക്കും. അന്ധ്യയനം വിദ്യാഭ്യാസമാണ്. അറിവുകൾ നേടുന്നത് അച്ചടക്കത്തിനാണ്. അച്ചിലമരുന്നതാണ് ആഭരണമാവുക. സമൂഹത്തിന് അലങ്കാരമാകുന്ന വ്യക്തിത്വങ്ങൾ സ്വജീവിതങ്ങളെ അച്ചിലമർത്തിയവരാണ്. അച്ചടക്കം ശീലിച്ചവരാണ്. തപസ്സ് സാമാന്യാർത്ഥത്തിൽ നിഷ്ഠയും ശുദ്ധിയും കുറിക്കുന്നു. ഇത്തരം ഗുണങ്ങൾ സഹജമായുള്ളവർ തങ്ങളുടെ നിരന്തര പ്രയത്നത്തിലൂടെ നേടിയെടുക്കുന്നവയാണ് ഇന്ദ്രീയ നിഗ്രഹം, സത്യം, ആർജ്ജവം, മൃദുലത എന്നിവ.

നമ്മുടെ കപടനിർമ്മിതികളെ വളരെപ്പെട്ടെന്നു തകർക്കേണ്ടതുണ്ട്. ഗുണോന്മാരുടെമായ ഒരു ഇടപെലിലുടെ ആത്മസത്തയെ അന്വേഷിക്കേണ്ടതുണ്ട്. തിരുവെഴുത്തിലെ പ്രസാദാത്മക സ്റ്റാറ്റസുകൾ മാതൃകയാകുമ്പോഴാണ് സഖേ, നമ്മുടെ Life Book-ൽ(ജീവന്റെ പുസ്തകം എന്ന് പരിഭാഷ) ദൈവം ഒരു like നല്കുക. കുറെ കൊല്ലങ്ങളായി സ്റ്റാറ്റസ്-കൊമെയിന്റയിൻ ചെയ്ത് ചെയ്ത് ദൈവത്തിന്റെ യും മനുഷ്യരുടെയും ഇടയിൽ നമ്ുടെ സ്റ്റാറ്റസ് വല്ലാതെ ജീർണ്ണിക്കുന്നതും ദുർഗന്ധം പരത്തുന്നതും എല്ലാ കക്ഷികളും ഓർത്താൽ നന്ന്!

## പത്രാധിപ സമിതി

**രക്ഷാധികാരി**
ഫാ. വി.എം.ഏബ്രഹാം വാഴയ്ക്കൽ

**മാനേജിംഗ് എഡിറ്റർ**
ഫാ. പോൾ ഏബ്രഹാം ഇടത്തറ

**ചീഫ് എഡിറ്റർ**
ടോണി കുരുവിള, ചേലമറ്റം

**സബ് എഡിറ്റേഴ്സ്**
ജിതിൻ സി. ചാക്കോ, ചക്കുംചിറ
സാജുമോൻ ഏബ്രഹാം, ആലുംമൂട്ടൽ
ജേക്കബ് കെ. ഈപ്പൻ, കളപ്പുരയ്ക്കൽ
കിച്ചു ഏബ്രഹം, കൊടുവയലിൽ

**അഡൈ്വസേഴ്സ്**
ശൈനോ സഖറിയ, തെക്കേപറമ്പിൽ
ജോയ്സ് തോട്ടയ്ക്കാട്
സുജിത്ത് ഫിലിപ്പ്, ചാലുംതലയ്ക്കൽ

## Best Wishes



**Aby Varghese**
Kochuveettil House,
Chambakkara P.O, Karukachal

**Gisha Ann George**
Vadasseri Mundakkal House
Puthuppally P.O, Kottayam

## എഡിറ്റോറിയൽ

നിറഞ്ഞ സന്തോഷത്തോടെയാണ് ഇടവകയുടെ ആത്മനാദം 30-ാം ലക്കം പ്രസിദ്ധീകരിക്കുന്നത്. നമ്മുടെ ഇടവകയുടെ കാവൽഭടന്മാരായി യുവജനങ്ങൾ മാറണം എന്ന് നാം പഠിച്ചിട്ടുണ്ട്. എന്നാൽ അക്ഷരാർത്ഥത്തിൽ അത് പ്രാവർത്തികമായി തോന്നിയത് കഴിഞ്ഞ ഞായറാഴ്ച ഒന്നുമില്ലായ്മയിൽനിന്ന് യുവജനങ്ങൾ ദശാംശം നല്കിയതു കണ്ടപ്പോഴാണ്. നമ്മുടെ ഇടവകയുടെ ചരിത്രത്തിൽ ഇതിനുമുമ്പൊന്നും ഉണ്ടായിട്ടില്ലാത്ത ഒരു മഹാസംരംഭം യുവജനങ്ങളുടെ ഈ മാറ്റം ദൈവാശ്രയത്തിൽ ആകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

ദൈവത്തെ അടുത്തറിയുമ്പോഴാണ് ജീവിതത്തിൽ മാറ്റങ്ങൾ പ്രത്യക്ഷപ്പെടുന്നത്. അതിനുള്ള ചവിട്ടുപടികളാണ് യുവജനപ്രസ്ഥാനവും എംജിഒസിഎസ്എം ഒക്കെ. ഈ ചവിട്ടുപടികളിൽ ചവിട്ടിയുള്ള കാലുകൾ ജീവിതത്തിൽ ഇടർച്ചകൾ ഉണ്ടായാലും ദൈവാശ്രയത്തിൽ ഉറച്ചുനിന്ന് തങ്ങളുടെ കഷ്ടങ്ങൾ ക്രിസ്തുവിൽ പൂർണ്ണമായി സമർപ്പിക്കുമ്പോൾ ഏത് ആകുലതയും നീങ്ങുന്നു. അതിനെ അതിജീവിക്കുവാനുള്ള മാനസികാവസ്ഥ ദൈവം നൽകുന്നു.

യുവജനങ്ങൾ ഇടവകയുടെ നട്ടെല്ലായി മാറണം എന്ന് ഉപദേശിച്ച ഈ വികാരിയച്ചൻമാരുടെ വാക്കുകൾ അക്ഷാർത്ഥത്തിൽ ശിരസ്സാവഹിച്ചുകൊണ്ട് മാർ അപ്രേം യുവജനപ്രസ്ഥാനം നമ്മുടെ ഇടവകയുടെ സ്വപ്നം "പുതിയ സുന്ദരദേവാലയം" എന്ന യാഥാർത്ഥ്യത്തിലേക്ക് ദൈവത്തിൽ ശരണപ്പെട്ട് നീങ്ങുവാൻ ആഹ്വാനം ചെയ്തുകൊണ്ട് പ്രാർത്ഥനയോടെ

ചീഫ് എഡിറ്റർ

## "ശുഭചിഹ്നം താൻ സ്ലീബാ, വിജയക്കൊടി താൻ സ്ലീബാ, നമ്മെ രക്ഷിച്ചീടും സ്ലീബായിൽ പുകഴുന്നു നാം."

**ഫാ. പോൾ ഏബ്രഹാം ഇടത്തറ (സഹവികാരി)**



യഹൂദന്മാർക്ക് ഇടർച്ചയും യവനന്മാർക്ക് ഭോഷത്തവും ജാതികൾക്ക് ശാപചിഹ്നമായിരുന്ന കുരിശ്, ക്രിസ്തീയ വിശ്വാസികൾക്ക്, വിമോചനത്തിന്റെയും പ്രത്യാശയുടെയും മുദ്രയും അടയാളവുമായി മാറി. പ. പൗലോസ് ശ്ലീഹാ സാക്ഷിക്കുന്നത് പോലെ, ക്രിസ്ത്യാനിക്ക് പ്രശംസിക്കുവാൻ വിജയത്തിന്റെ പതാകയും, സമാധാനത്തിന്റെ അടയാളവുമായ നമ്മുടെ കർത്താവിന്റെ കുരിശ് മാത്രമാണുള്ളത്, രക്ഷാകരമായ സ്ലീബാ, അതിരുകളില്ലാത്ത അനന്തമായ ദൈവ സ്നേഹത്തെ വെളിപ്പെടുത്തുന്നു. സ്നേഹിതന്മാർക്ക് വേണ്ടി ജീവനെ വെടിയുന്നതിനെക്കാൾ. ഉപരിയായ സ്നേഹത്തെ, സ്ലീബാ പ്രഘോഷിക്കുന്നു, അതുകൊണ്ട് തന്നെ, ക്രൈസ്തവ ജീവിതവും ആരാധനയുമെല്ലാം കുരിശിൽ കേന്ദ്രീകൃതമാണ്.

മലങ്കര സഭയെ, റോമാസഭയുടെ കീഴിലാക്കിയ ഉദയംപേരൂർ സുന്നഹദോസിന്റെ അധ്യക്ഷൻ, അലക്സീസ് D മെനസ്സിന്റെ Private Secretary യുടെ ഡയറിക്കുറിപ്പിൽ മലങ്കര നസ്രാണികളെ കുറിച്ച് പ്രതിപാദിച്ചിരിക്കുന്നത് ഇപ്രകാരമാണ്. "ഇവിടെയുള്ളവർ കുരിശ് ധരിക്കുന്നവർ, കുരിശ് വരയ്ക്കുന്നവർ, കുരിശ് വണങ്ങുന്നവർ, കുരിശ് വഹിക്കുന്നവർ, എന്നാണ്" നമ്മുടെ മാതാപിതാക്കൾ നമ്മെ ആദ്യം പഠിപ്പിച്ചത് കുരിശ് വരയായിരിക്കും. പള്ളിയുടെ മുകളിലും പൂമുഖത്തും കുരിശുണ്ട്. പള്ളിയ്ക്കുള്ളിലെ അതിവിശുദ്ധ സ്ഥലത്തെ, അതിപ്രധാന സ്ഥാനം കുരിശിനുള്ളതാണ്. ആരാധനകളെല്ലാം കുരിശിൽ കേന്ദ്രീകൃതമാണ് ക്രിസ്തീയമായ സകലതും കുരിശിൽ പൂർത്തീകരിക്കപ്പെടുന്നു. യെരുശലേമിലെ വി. കൂറിലോസ്, ഇപ്രകാരം പഠിപ്പിക്കുന്നു, "ക്രൂശിക്കപ്പെട്ടവനെ ഏറ്റുപറയുന്നതിൽ നാം ലജ്ജിക്കുന്നില്ല, സർവ്വകാര്യങ്ങളിലും ഭക്ഷിക്കുമ്പോഴും പാനം ചെയ്യുമ്പോഴും, നമ്മുടെ ഗമനങ്ങളിലും, ആഗമനങ്ങളിലും നിദ്രയ്ക്ക് മുമ്പും, നിദ്ര വിട്ടുണരുമ്പോഴും, യാത്രയിലും വിശ്രമത്തിലും, കുരിശാണ് നമ്മുടെ ഭദ്രതയുടെ മുദ്ര"

ജീവൻ നല്കുന്നതും ജീവിപ്പിക്കുന്നതുമായ സ്ലീബായുടെ മുൻകുറികൾ പഴയനിയമത്തിൽ തന്നെ കാണുന്നുണ്ട്, ഉല്പ. 48.14 ൽ യാക്കോബ്, യൗസേഫിന്റെ മക്കളെ, അനുഗ്രഹിക്കുമ്പോൾ കൈകൾ പിണച്ച് വച്ചുകൊണ്ടാണ്, അനുഗ്രഹിച്ചത്. അമാലോക്യരുമായുള്ള യുദ്ധത്തിൽ, മോശയുടെ കൈ, അഹരോനും ഹൂരും ഉയർത്തിപിടിക്കുന്നു. സംഖ്യാ 21:9 ൽ, മരുഭൂമിയിൽ, അഗ്നി സർപ്പത്തിന്റെ ദംശനമേറ്റ് മൃതപ്രായരായവർ താമ്രസർപ്പത്തിന്റെ ദർശനത്താൽ ജീവൻ പ്രാപിക്കുന്നു.

കുരിശ് നമ്മുടെ രക്ഷകനായ യേശുക്രിസ്തുവിനെ പ്രതിനിധാനം ചെയ്യുന്നതിനൊപ്പം ക്രിസ്തുവിലൂടെ, ഈ പ്രപഞ്ചത്തിലുണ്ടായ രൂപാന്തരത്തിന്റെ പ്രതീകവുമാണ് ചരിത്രകാരനായ സിസറോ, രേഖപ്പെടുത്തിയിരിക്കുന്നത് പോലെ, ഏറ്റവും ക്രൂരവും ഹീനവുമായ ശിക്ഷയായക്രൂശുമരണം, പാപത്തിന് അടിമപ്പെട്ട് മരണത്തിന് വിധേയമായ ലോകം ഈ കുരിശിന്, സമാനമായിരുന്നു യേശുക്രിസ്തുവിലൂടെ മരണത്തിന്റെ മാർഗ്ഗമായിരുന്ന കുരിശ് സമൃദ്ധിയുടെയും ജീവന്റെയും മാർഗ്ഗമായ പരിണമിച്ച ശാപത്തിന്റെ ചിഹ്നം രക്ഷയുടെ അടയാളമായി, ആ രൂപാന്തരം ഇന്നും ഈ കുരിശ് ധരിക്കുന്ന, വഹിക്കുന്ന നമ്മിലൂടെ പ്രാവർത്തികമാക്കേണ്ടേ?

ദൈവ സ്നേഹത്തിന്റെ പര്യായമായ കുരിശ് ത്യാഗത്തിന്റെ സമാധാനത്തിന്റെ ദീർഘക്ഷമയുടെ, നിരപ്പിന്റെ പാതയിലൂടെ സഞ്ചരിച്ച് ആത്മശരീര മനസ്സുകളുടെ രക്ഷയുടെ തുറമുഖത്തെത്തിച്ചേരാൻ ആഹ്വാനം ചെയ്തുകൊണ്ട്...........!



മാർ അപ്രേം യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ നടന്ന സ്വാതന്ത്ര്യദിന ആഘോഷം

## നോട്ടുബുക്കും പഠനസാമഗ്രിയും വിതരണം ചെയ്തു

യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ എല്ലാ വർഷവും നടത്താറുള്ള പഠന സാമഗ്രികളുടെ വിതരണം ഇത്തവണയും നടത്തി. ഇടവകയിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരും പഠനത്തിൽ സമർത്ഥരുമായി വിദ്യാർത്ഥികൾക്ക് നോട്ടുബുക്കുകൾ വിതരണം ചെയ്താണ് ആദ്യകാലങ്ങളിൽ പ്രവർത്തനം തുടങ്ങിയത്. എന്നാൽ ഇക്കുറി നോട്ടുബുക്കുൾക്കുപുറമേ, ബാഗ്, ഇൻസ്ട്രുമെന്റ് ബോക്സ്, പേന, പെൻസിൽ, പുസ്തകം പൊതിയാനുള്ള പേപ്പർ എന്നിവയടങ്ങിയ പഠനകിറ്റാണ് അപേക്ഷകർക്ക് നൽകിയത്. ഇടവകയ്ക്കു പുറത്ത് സമീപപ്രദേശങ്ങളിലുള്ള വിദ്യാർത്ഥികളിലേക്കും സഹായം എത്തിക്കുവാൻ പ്രസ്ഥാനത്തിനു കഴിഞ്ഞു. മുപ്പതോളം പേർക്കാണ് പുതിയ അധ്യയന വർഷത്തിൽ സഹായം ലഭിച്ചത്. ചെറുതും വലുതമായി ഈ നല്ല പ്രവർത്തനത്തിന് സഹായഹസ്തം നീട്ടിയ എല്ലാവർക്കും പ്രസ്ഥാനം പ്രതിവാര മീറ്റിംഗിൽ നന്ദി അറിയിച്ചു.

## ഇൻസ്പൈറിംഗ് ദ മാസ്റ്റർ മൈൻഡ്




കഴിവിനും അഭിരുചിക്കുമനുസരിച്ച് യോജിച്ച ഉയരങ്ങൾ കീഴടക്കുന്നതിനായി വിദ്യാർത്ഥികളെ പ്രാപ്തരാക്കുക എന്ന സാമൂഹ്യ ലക്ഷ്യം മുൻനിർത്തി ജൂലൈ 26-ാം തീയതി 'ഇൻസ്പൈറിംഗ് ദ മാസ്റ്റർ മൈൻഡ്' എന്ന കരിയർ ഗൈഡൻസ് ക്ലാസ് നടത്തി. പള്ളി ഓഡിറ്റോറിയത്തിൽവെച്ച് മാർ അപ്രേം യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ക്ലാസ് ഉദ്ഘാടനം ചെയ്ത് സിവിൽ സർവ്വീസ് ജേതാവും ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനത്തിന്റെ മുൻ കോട്ടയം ഭദ്രാസന കമ്മിറ്റി അംഗവുമായ അലക്സിൻ ജോർജ് IPoS ആയിരുന്നു.

സഭയ്ക്കും പ്രസ്ഥാനത്തിനും തന്റെ ജീവിതത്തിലുള്ള പങ്കിനെപ്പറ്റി വാചാലനായ അദ്ദേഹം കുട്ടികൾക്ക് ഏറെ പ്രചോദനം നൽകി. ഇടവകവികാരി ഏബ്രഹാം വാഴയ്ക്കലച്ചൻ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ സഹവികാരി ഫാ. പോൾ ഇടത്തറ ആശംസാപ്രസംഗം നടത്തി. കുട്ടികൾക്കായുള്ള മാർഗ്ഗനിർദ്ദേശ ക്ലാസിന് നേതൃത്വം നൽകിയ്ത് എസ്പിരിറ്റ് സൊലൂഷനിലെ അംഗമായ ജിലു ജോസഫ് ആണ്.

വിദ്യാർത്ഥികളുടെ ചിന്താതലത്തിലേക്ക് ഇറങ്ങിച്ചെന്ന് അവർക്കൊപ്പം നിന്നാണ് ജിലു ജോസഫ് ക്ലാസ് നയിച്ചത്.

200 ഓളം വിദ്യാർത്ഥികൾക്കു പുറമേ രക്ഷകർത്താക്കളും പങ്കെടുത്ത ഇത്തരത്തിലൊരു ചടങ്ങ് പ്രസ്ഥാനം ആദ്യമായാണ് സംഘടിപ്പിക്കുന്നത്. സമീപ പ്രദേശത്തെ വിവിധ ക്രൈസ്തവ ദേവാലയങ്ങളിൽ നിന്നു മാത്രമല്ല മറ്റു മതങ്ങളിൽ നിന്നുമുള്ള വിദ്യാർത്ഥികൾക്കും ക്ലാസ് ഏറെ പ്രയോജനമായി.

### ഡോ. എ.പി.ജേ. അബ്ദുൾ കലാം എന്റെ പ്രചോദനം

**അലക്സിൻ ജോർജ് IPoS**

സിവിൽ സർവ്വീസ് അടക്കമുള്ള ജീവിതവിജയത്തിൽ തനിക്ക് ഏറ്റവുമധികം പ്രചോദനമായത് ഡോ. ഏ.പി.ജെ. അബ്ദുൾ കലാം ആണെന്ന് അലക്സിൻ ജോർജ്ജ് IPoS പറഞ്ഞു. തേട്ടയ്ക്കാട് മാർ അപ്രേം യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിയ 'ഇൻസ്പെയറിംഗ് മാസ്റ്റർ മൈൻഡ്സ്' എന്ന കരിയർ ഗൈഡൻസ് പ്രോഗ്രാം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ചെറുപ്പത്തിൽത്തന്നെ ബഹു. കലാമിന് ഈ മെയിൽ സന്ദേശമയയ്ക്കുകയും അദ്ദേഹം അലക്സിന് മറുപടി കൊടുക്കുകയും ചെയ്തിരുന്നു. പിന്നീട് ജീവിതത്തിലെ സകല മേഖലകളിലും ഇന്ത്യയുടെ മിസൈൽ മാൻ പ്രചോദനമായിത്തീർന്നെന്നും അലക്സിൻ ജോർജ് കൂട്ടിച്ചേർത്തു.

## Best Wishes



**Sonamol Elizubha Mathew**
D/o Mr. Mathew Abraham & Annie Mathew
Alummoottil House, Changanassery

**Subin Abraham Mathew**
S/o Mr. Mathew Abraham & Annamma Mathew
Nedumkunnel House, Amayannoor, Kottayam

## കല്ലിട്ട പെരുന്നാൾ

മാർ അപ്രേമിന്റെ നാമത്തിലുള്ള ഭാരതത്തിലെ പ്രഥമ ദേവാലയമായ തോട്ടയ്ക്കാട് മാർ അപ്രേം പള്ളി 153-ാമത് കല്ലിട്ട പെരുന്നാൾ ആചരിച്ചു. ഓഗസ്റ്റ് 1-ാം തീയതി ശനിയാഴ്ച ഇടവകാംഗം കൂടിയായ കണ്ണംതുരുത്തേൽ കുര്യൻ ഉതുപ്പ് അച്ചൻ വി. കുർബ്ബാന അർപ്പിച്ചു. തുടർന്ന് പള്ളിയെ അനുസ്മരിച്ചുകൊണ്ട് അച്ചൻ സംസാരിച്ചു. 1863 ആഗസ്റ്റ് 1-ാം തീയതി യുയാക്കീം മാർ കുറിലോസ് മെത്രാപ്പോലീത്തയാണ് പള്ളിക്ക് കല്ലിട്ടത്. അന്ന് ഇവിടെ താമസിച്ച്, പള്ളി പണി കഴിപ്പിച്ച തിരുമേനിക്ക് നാട്ടുകാർ നൽകിയിരുന്ന പുഴുക്കായിരുന്നു പ്രധാന ഭക്ഷണം. ഇതിനെ അനുസ്മരിച്ചുകൊണ്ട് വി. കുർബ്ബാനനന്തരം പുഴുക്കുനേർച്ച നടത്തി. നേർച്ചവിളമ്പിന് പ്രസ്ഥാനം പ്രവർത്തകർ സജീവമായി പങ്കെടുത്തു.

## യുവജനപ്രസ്ഥാനം പ്രവർത്തനോദ്ഘാടനം അഭി. മാത്യൂസ് മാർ തേവദോസിയോസ് തിരുമേനി നിർവ്വഹിച്ചു



മാർ അപ്രേം യുവജനപ്രസ്ഥാനത്തിന്റെ 2015 -16 വർഷത്തെ പ്രവർത്തനോദ്ഘാടനം അഭി. മാത്യൂസ് മാർ തോവദോസിയോസ് മെത്രാപ്പോലീത്ത ഭദ്രദീപം തെളിച്ച് ഉദ്ഘാടനം ചെയ്തു. വി. കുർബാനാനന്തരം നടന്ന ചടങ്ങിൽ ഇടവകവികാരിമാരായ വാഴയ്ക്കലച്ചനും പോൾ അച്ചനും കൂടാതെ ഇടവകാംഗങ്ങളായ ഷാജി അച്ചനും ഏബ്രഹാം ശെമ്മാശൻ (ജോബിൻ) എന്നിവരും സന്നിഹിതരായിരുന്നു.

മാർ അപ്രേം യുവജനപ്രസ്ഥാനത്തിന്റെ നിസ്വാർത്ഥ പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണ് എന്ന് പറഞ്ഞ തിരുമേനി, പ്രസ്ഥാനത്തിലേക്ക് ഇനിയും കൂടുതൽ അംഗങ്ങളെ ചേർക്കണമെന്ന് സെക്രട്ടറി ജിജോയ്ക്ക് നിർദ്ദേശവും നൽകി.

## പരിസ്ഥിതി ദിനത്തിൽ വൃക്ഷത്തൈകൾ വിതരണം ചെയ്ത് യുവജനപ്രസ്ഥാനം

ഇടവകജനങ്ങൾക്ക് വൃക്ഷത്തൈ വിതരണം ചെയ്ത് മാർ അപ്രേം യുവജനപ്രസ്ഥാനം പരിസ്ഥിതി ദിനാചരണത്തിൽ പങ്കാളികളായി. ചരമഗീതം എഴുതപ്പെട്ട ഭൂമിയുടെ ഭംഗിയും പച്ചപ്പും കാത്തു സൂക്ഷിക്കുന്നതിനായി 150 ഓളം വൃക്ഷത്തൈകളാണ് യുവജനങ്ങൾ ഇടവകയിൽ വിതരണം ചെയ്തത്. ഇടവക വികാരി റവ. ഫാ. ഏബ്രഹാം വാഴയ്ക്കൽ പള്ളിയുടെ ട്രസ്റ്റി ശ്രീ ജേക്കബ് തോമസിന് വൃക്ഷത്തൈ വിതരണം ചെയ്താണ് പ്രവർത്തനം ഉദ്ഘാടനം ചെയ്തത്.



൩൦ വർഷങ്ങൾക്കുമുമ്പ് (൧൯൮൬-ൽ) യുവജനപ്രസ്ഥാനം, കോട്ടയം ഭദ്രാസന വാർഷികം നമ്മുടെ പള്ളിയിൽ നടക്കുന്നതിന്റെ ഭാഗമായുള്ള പതാക ഉയർത്തൽ അന്നത്തെ വികാരി റവ. ഫാ. കെ. കെ. ജോർജ്ജ് പ്ലാപ്പറമ്പിൽ നിർവ്വഹിക്കുന്നു (ഫയൽ ചിത്രം).

## യുവജനവാരാഘോഷം


### VIBGYOR '15

**ആഗസ്റ്റ് 23 മുതൽ 30 വരെ**

**പ്രോഗ്രാം**

23-8-2015 (ഞായർ) യുവജന വാരം ഉദ്ഘാടനം, പതാക ഉയർത്തൽ, കായിക മത്സരങ്ങൾ
24-8-2015 (തിങ്കൾ) യോഗാ ക്ലാസ്
25-8-2015 (ചൊവ്വ) ഭാവനസന്ദർശനം, മാർ അപ്രേം ലൈബ്രറി നവീകരണം
26-8-2015 (ബുധൻ) ശ്രമദാനം
27-8-2015 (വ്യാഴം) സ്നേഹകൂട്ടയ്മയും സ്നേഹവിരുന്നും
28-8-2015 (വെള്ളി) തിരുവോണം
29-8-2015 (ശനി) മേഴ്സി ഹോം സന്ദർശനം
30-8-2015 ഞായർ) വടംവലി മത്സരം, സമാപനം

## ആദരാഞ്ജലികൾ



**മുൻ രാഷ്ട്രപതി ഡോ. എ.പി.ജെ. അബ്ദുൾ കലാമിന് മന്നാ- ആത്മനാദത്തിന്റെ ആദരാഞ്ജലികൾ**

## 10, +2 പരീക്ഷകളിൽ ഉന്നതവിജയം നേടിയവർക്ക് മന്നാ-ആത്മനാദത്തിന്റെ അഭിനന്ദനങ്ങൾ



അലീന മെറിൽ എബി | മെൽബി മറിയം ജോർജ്ജ് | ബ്ലെസ്സി എൽസ സക്കറിയ | പ്രിയങ്ക മരിയ സിബി | മേഘാ കുര്യൻ | എബിൻ സിബി | അജിൻ ഏബ്രഹാം | കിച്ചു വർഗ്ഗീസ് | ആഷിഷ് സണ്ണി | ടോണി കുരുവിള | റോണി കുരുവിള






*Printed and Published by Chief Editor MANNA Publications on behalf of Pariyaram Mar Aprem Orthodox Youth Movement*